**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 322** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഓണക്കാലത്തെ വിലക്കയറ്റ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി വകുപ്പ് നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ; | (എ) | ഈ ഓണത്തോടനുബന്ധിച്ച് നിരവധി പ്രവർത്തനങ്ങളാണ് വിലക്കയറ്റം തടയുന്നതിനും പൊതുജനങ്ങൾക്ക് യഥേഷ്ടം സാധനങ്ങൾ ലഭ്യമാക്കുന്നതിനുമായി വകുപ്പിന്റെ ഭാഗത്തു നിന്നും നടത്തിയത്.<br><br>**റേഷൻകടകൾ വഴി ഓണത്തിന് സ്പെഷ്യൽ അരി**<br><br>AAY കാർഡ് ഉടമകൾക്കു നോർമൽ അരി വിഹിതത്തിന് പുറമെ 14 അവശ്യ സാധനങ്ങൾ അടങ്ങിയ ഓണക്കിറ്റുകളും PHH കാർഡ് ഉടമകൾക്കു നോർമൽ അരി വിഹിതത്തിന് പുറമെ 10.90/kg എന്ന നിരക്കിൽ 5 kg അരിയും NPS കാർഡ് ഉടമകൾക്കു നോർമൽ അരി വിഹിതത്തിന് പുറമെ 10.90/kg എന്ന നിരക്കിൽ 10 kg അരിയും NPNS കാർഡ് ഉടമകൾക്കു നോർമൽ അരി വിഹിതത്തിന് പുറമെ 10.90/kg എന്ന നിരക്കിൽ 15 kg അരിയും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസി കൾക്ക് നാല് പേർക്ക് ഒരു കിറ്റ് എന്ന നിലയിൽ ഭക്ഷ്യ കിറ്റുകളും നല്കി. സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും ഭക്ഷ്യ കിറ്റുകൾ നല്കി.<br><br>ഈ ഓണക്കാലത്ത് റേഷൻ കടകൾ വഴി 149407 മെ.ടൺ അരി വിതരണം നടത്തിയിട്ടുണ്ട്.<br><br>സർക്കാരിന്റെ വിപണി ഇടപെടൽ സംവിധാനം കൂടുതൽ സജീവമായി പ്രവർത്തിക്കേണ്ട സമയം എന്ന നിലയിൽ, ഓണം, റംസാൻ, ക്രിസ്തുമസ് മുതലായ ഉത്സവ സീസണുകളിൽ നിലവിലുള്ള വില്പനശാലകൾക്ക് പുറമെ പ്രത്യേക ഉത്സവ ചന്തകൾ ആരംഭിച്ച് കൂടുതൽ ഉൽപ്പന്നങ്ങൾ |

ഉപഭോക്താക്കൾക്ക് ലഭ്യമാക്കാറുണ്ട്. ഈ ഓണക്കാലത്തും എല്ലാ ജില്ലകളിലും ജില്ലാ ഫെയറുകൾ സംഘടിപ്പിച്ച് പൊതു ജനങ്ങൾക്ക് ന്യായമായ വിലയിൽ അവശ്യ ഭക്ഷ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും യഥേഷ്ടം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ ഫെയറുകൾ ഇല്ലാത്ത 126 നിയോജക മണ്ഡലങ്ങളിൽ, മണ്ഡലാടിസ്ഥാനത്തിലുള്ള ഫെയറുകളും കൂടാതെ 140നിയോജക മണ്ഡലങ്ങളിലേയും ഉൾപ്രദേശങ്ങളിലേക്ക് സഞ്ചരിക്കുന്ന ഓണച്ചന്തകൾ എത്തി സബ്സിഡി സാധനങ്ങളടക്കമുള്ള നിത്യോപയോഗ സാധനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കി.

സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിൽ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട, പുട്ടുപൊടി, അപ്പം പൊടി എന്നിവ പൊതു വിപണി വിലയേക്കാൾ ഏകദേശം 15 മുതൽ 35 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാക്കുന്നുണ്ട്. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും നിത്യോപയോഗ സാധനങ്ങളും MRP/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഓണക്കാലത്ത് സപ്ലൈകോ സ്വന്തം ബ്രാൻഡായ ശബരി സിഗ്നേച്ചർ കിറ്റ്, സമൃദ്ധി കിറ്റ് എന്നിവയും കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സപ്ലൈകോ ഓണം സ്പെഷ്യലായി പച്ചരി, പുഴുക്കലരി എന്നിവ കിലോഗ്രാമിന് 25/- രൂപ നിരക്കിൽ 20 കിലോ നൽകി. നിലവിലെ വിഹിതമായ 8 കിലോഗ്രാമിന് പുറമേയാണിത്.

ഓണക്കാലത്തിന് തൊട്ട് മുൻപ് വിപണിയിൽ വെളിച്ചെണ്ണയുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ഈ വിഷയത്തിൽ സർക്കാർ ഇടപെട്ടു. ഭക്ഷ്യ, വ്യവസായ, കൃഷി വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ യോഗങ്ങൾ വിളിച്ചു ചേർക്കുകയും പരമാവധി കുറഞ്ഞ വിലയ്ക്ക് ഗുണമേൻമയുള്ള വെളിച്ചെണ്ണ ലഭ്യമാക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇതിനായി സപ്ലൈകോയുടെ ടെണ്ടർ നിബന്ധനകളിൽ ഇളവ് വരുത്തി കൊണ്ട് കൂടുതൽ ഉല്പാദകർക്ക് ടെണ്ടറിൽ പങ്കെടുക്കാനുള്ള അവസരമൊരുക്കി. വെളിച്ചെണ്ണക്ക് ലിറ്ററിന് 529 രൂപ വില ഉണ്ടായിരുന്ന അവസരത്തിൽ 457 രൂപ നിരക്കിൽ സപ്ലൈകോ മുഖേന കേര വെളിച്ചെണ്ണ വിപണനം നടത്തി തുടർന്ന് ക്രമാനുഗതമായി വെളിച്ചെണ്ണ വില പൊതു വിപണിയിൽ കുറയുകയും

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കൾക്ക് സപ്ലൈകോ വില്പനശാലയിൽ നിന്ന് 429 രൂപയ്ക്ക് കേര വെളിച്ചെണ്ണയും, 389 രൂപയ്ക്ക് ശബരി വെളിച്ചെണ്ണയും യഥേഷ്ടം ലഭ്യമാക്കാനും സാധിച്ചു. ഒരാൾക്ക് ഒരു ലിറ്റർ കേര വെളിച്ചെണ്ണ മാത്രം എന്ന നിബന്ധന മാറ്റി ഉപഭോക്താക്കളുടെ ആവശ്യാനുസരണം വെളിച്ചെണ്ണ നൽകി. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരിയുടെ ഒരു ലിറ്റർ വെളിച്ചെണ്ണ സബ്സിഡി നിരക്കിൽ 339 രൂപയ്ക്കും, സബ്സിഡിയില്ലാതെ 389 രൂപയ്ക്കും ഓണക്കാലത്ത് നൽകി. |
| (ബി) | സപ്ലൈകോ മാവേലി സ്റ്റോറുകൾ വഴി എത്ര രൂപയുടെ സാധനങ്ങൾ വിറ്റഴിച്ചുവെന്ന് വിശദമാക്കാമോ; മുൻ വർഷത്തേക്കാൾ വിൽപ്പനയിൽ ഉണ്ടായ വർദ്ധനവ് വ്യക്തമാക്കാമോ? | (ബി) | ഈ ഓണക്കാലത്ത് 387 കോടി രൂപയുടെ വിറ്റുവരവാണ് സപ്ലൈകോ വിൽപ്പനശാലകൾ വഴി ഉണ്ടായിട്ടുള്ളത്. ആയതിൽ 180 കോടി രൂപയുടെ അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ ഓണക്കാലത്ത് ഏകദേശം 55 ലക്ഷം ഉപഭോക്താക്കൾ സപ്ലൈകോയുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം ഓണക്കാലത്ത് 192.64 കോടി രൂപയുടെ വിറ്റുവരവാണ് സപ്ലൈകോയ്ക്ക് ഉണ്ടായിരുന്നത്. മുൻവർഷത്തേക്കാൾ ഇരട്ടിയിൽ അധികം വിറ്റുവരവാണ് ഈ ഓണക്കാലത്ത് ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ